[President]

intention of the Travancore Government to surrender its sovereignty to any such union. This is not to say that this Government will not welcome, will not fully co-operate in any such scheme as I have already referred to. We have co-operated with Cochin with regard to food matters, in regard to the admission of students in the Engineering college, in forest matters, and on the question of coastal navigation, fertilisers and chemicals and the like. We shall undoubtedly be glad to co-operate with any neighbouring territory, but it is impossible for this Government to surrender its sovereignty in favour of a Union to be brought into existence for Kerala. There is no idea that the subjects of His Highness the Maharaja of Travancore should be subjected to the jurisdiction of the Governor of the Kerala Province. Their Highnesses of Travancore and Cochin should not in the opinion of this Government be in the position of obeying the directions of the Governor of the Kerala Province over and above cooperating with the Indian Union. Pandit Nehru has no doubt asserted that he will not allow independence of any sort to any State. The Cochin scheme involves a double subtraction of sovereignty, one in favour of the States and another in favour of the Government of the United Kerala. This is a proposition which this Government do not propose to accept, will not consent, and will resist at any cost.

MR. K. A. MATHEW: May I know whether that matter is open to discussion?

PRESIDENT: There can be no discussion.

DEMAND XIII—FORESTS.

MR. T. K. NARAYANA PILLAI: Sir, I was yesterday pointing out my reasons as to why I am against the creation of a new Division. I sumbitted yesterday that sufficiently strong reasons have not been placed before the House by the Conservator for the creation of new Divisions. Also the scrutiny of the figures furnished by the Administration Report of the Forest Department for 1120 does not warrant the contentions put forward by him. Now, let us see what is the extent of the present Quilon Division and the work turned out in comparison with other Divisions. Are the area and the extent of work turned out in previous years of such a nature that it has been found practically impossible for one Division Officer to manage the whole division? If that is so, I am prepared to agree to the demand made by the Conservator yesterday. Again I ask, are the figures submitted in connection with the Northern Division such that it is practically impossible to carry out the work pertaining to that Division by one officer alone? And that is the question for us to consider. Now, the reasons, the pre-eminent reasons given by the Conservator of Forests, are these. There is going to be greater extraction of timber from the Quilon Division. There is going to be extraction of fuel coming to about 20 lakhs

LIBRARY ARCHIVES Kerala Legislative Assembly

of c. ft. for the purpose of the Fertilisers and Chemicals Ltd. If the argument advanced by the Conservator is accepted, where do we stand? The total quantity of the fuel and timber extracted will come to about 40 lakhs of c.ft. I believe I am right. Now, what are the figures for the previous years? A scrutiny of the figures for 1096 would show that they came to 66 lakhs. In 1113, it would be seen to be 10 lakhs and in 1114, to be about 88 lakhs. Now, it may well be seen that these figures have been growing steadily and in 1119 it reached the maximum. The next year we were told that it would come to about 40 lakhs. I for my part cannot be a party to such extraction of timber and materials from our forests. What exactly will be the state of these resources a few years afterwards if extraction of timber goes on at this rate? That is a matter that we have to consider. If, as a matter of fact, the extract of timber at this rate would go to enhance the wealth of the State, I have no objection to agree to the grant of this demand. We are divested of the forest resources year after year. No doubt, the revenue has increased but it is at the expense of the future prosperity of the State. If the forest resources are taken away in this fashion, I submit, there can be no doubt that our future will be in great peril. The position of Travancore will be exactly like what it was in the Euphrates valley. The region which was once very rich and fertile, as much as Travancore, is now a desert. Destroyal of forests led to land erosion. Land erosion has destroyed the forest and, in course of time, what was once a fertile region was converted into an arid region. If cutting of trees at this rate goes on, soil erosion will take place and all the land will be converted into a barren area. I have no doubt that it is dangerous to allow exploitation in that manner.

The important reason pointed out for the increase of these two divisions is that the work will be increased next year. The important work suggested is extraction of timber and forest resources. I submit before the House that this is a very serious matter. If I may be permitted to use an old adage, the Government are killing the goose that lays the golden egg by this present policy of extracting more timber from our forests than is safe to do so. On this account, I do not wish to support the demand for the grant made towards the provision of these divisions.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether the honourable member is aware that one of the reasons alleged for the creation of the new division is the regeneration of the forest not only extraction? What has he to say about that?

MR. T. K. NARAYANA PILLAI: I may respectfully point out to the House that the.....

PRESIDENT: Order, order. As this is a very big question and as considerable amount of discussion has taken place, it is good that further discussion shall take place after hearing the Conservator.

LIBRARY ARCHIVES Kerala Legislative Assembly

RAO BAHADUR T. V. VENKATESWARA AIYAR (*Conservator of Forests*) Sir, the honourable member Mr. T. K. Narayana Pillai has pointed out that the rate of extraction of timber from the forest has increased very considerably and that if this rate is kept up, erosion would result and that we would be killing the goose that lays the golden egg. Well, let me point out to him the figures as regards the quantity of timber that has been coming out of the forests of Travancore from the year 1116. In that year, it was 15 lakhs of c. ft. In 1117, 19 lakhs of c. ft. of timber were extracted. In 1118, 16 lakhs were extracted. In 1119, it was 14 lakhs. In 1120, the figure was 17 lakhs. It will therefore be seen.....

MR. R. MADHAVAN NAIR: May I know what was the area of plantation for these years?

RAO BAHADUR T. V. VENKATESWARA AIYAR: The area of plantations were approximately 300 to 400 acres per year.

MR. T. K. NARAYANA PILLAI: Sir, I may be permitted to ask one question. May I know whether the total area of reserved forests has appreciably increased during these years?

RAO BAHADUR T. V. VENKATESWARA AIYAR: It has not increased.

It will therefore be seen that there has not been any spectacular increase in the extraction of timber. Another thing that may be noted here is that out of this average of 16 lakhs of c. ft. that have been coming out of the forest for the last 5 years, the quantity of teak that we were getting was approximately 4 to 5 lakhs of c.ft. and that has been coming out year after year. This kind of teak, I might inform the honourable members, comes very largely from areas under registry and will very soon dwindle to nothing. It may therefore be seen that there is not any large increase in the quantity of timber that has been coming out of the forests.

As regards the future working of the forests, which is envisaged in the formation of the new division, I may assure the honourable members that an enumeration of the growing stock in the forests proposed to be exploited shows that not more than two or three trees per acre of forests will be available for extraction during the period of working plan which is put into operation. Two or three trees to the acre from the evergreen forests can never be considered as an excessive exploitation. So far as the deciduous forests are concerned-these forests have deteriorated so largely by over exploitation in the past that it is not proposed to exploit more than one or two trees to the acre. Instead, it is proposed to cleanfell some 600 acres annually and regenerate them by completely planting them up. It is therefore a working plan and not a plan of exploitation. It is intended to regenerate the forests and the exploitation is of a considerably small extent. The fears of the hononrable member are therefore absolutely unfounded. In regard to the regneration works to be undertaken in those operations, I have already indicated that in the Quilon Division there was practically no regeneration by planting for the last three or four years except for experimental plantations taken up during the last two years. These plantations

LIBRARY ARCHIVES Kerala Legislative Assembly

are going to be taken up and nearly 650 acres of plantations would be made annually after clearing the decidous forests. Till now, there has been absolutely no artificial regeneration of the evergreen forests. Experiments have been conducted during the last few years and the results have been very encouraging. And the Government proposes to regenerate artificially an area of 400 odd acres every year out of the ever green forests. If this work is not regeneration, if this work is likely to cause erosion and the manifold disasters apprehended by the honourable member Mr. T. K. Narayana Pillai, well, I am not in a position to see what reconstruction or regeneration of the forests would be like.

The increase of work that has resulted from the inauguration of the new working plan has been so great that the Division Officer of Quilon, who is in charge of the Shencottah and Quilon Divisions, finds it extremely difficult to attend to the works of these two areas and even to make payments to the subordinates and settle accounts with the contractors. There have been complaints from the subordinates as well as from contractors. Therefore it will be detrimental to the interest of all concerned to continue this amalgamation of the duties of the Shencottah and Quilon Divisions.

I hope, I have convinced the honourable members that the work which is undertaken as a result of the revision of the working plan is of a very important nature. It is of a very conservative nature and it is complete reconstruction so far as the deciduous forests are concerned. I do hope that the honourable member will see his way to withdraw the motion.

PRESIDENT: Order, order. This is a matter of paramount importance and I think a statement on the policy of the Government is called for on this. I may assure the honourable members that the Government are entirely in agreement with the opinion of the honourable member Mr. T. K. Narayana Pillai, *viz.*, that in their opinion, the forest resources of the State are amongst the most valuable treasures of the State and they have to be augmented and certainly maintained. The policy of forest regeneration, and forest replanting so as to make up for losses owing to exploitation, is a matter of as great importance as indeed of greater importance than, exploitation. On that matter, I wish to make the position absolutely clear to the honourable members of this House, so much so, this Government are fully aware of the serious consequences that would result due to the absence of a clear policy of checking over exploitation. Here, I do not want to enter upon any criticism of anybody. I was myself in charge of the Forest Department in Madras at one time and I do know something of the working of the Forest Department. But I can say that over exploitation of forest resources of the Madras Presidency is now going on to such an extent that it is perfectly true that in a couple of years Madras will have to rely upon Travancore for its timber requirements. Indeed, it is now relying on us. All the regions south of Madras are relying upon us for timber. In the neighbouring State of Cochin, the

LIBRARY ARCHIVES Kerala Legislative Assembly

[President]

results of forest revenue and forest exploitation are matters which will be evident from the budget of the Cochin State. In fact the surpluses of the Cochin State were largely due to the forest revenue at one time. The present deficit of the Cochin Government, *viz.*, 30 lakhs shows what over-exploitation of forest revenues has led to in that State. That again is not a matter for me to criticise. They have their own programme and it is far from me to criticise a neighbouring administration.

Now, therefore, the first point is that the Government will not over-exploit the forest in the State. The second point is that exploitation, or over-exploitation has taken place in registered areas where private owners have been recklessly cutting timber, especially taking advantage of war time conditions. There was at one time a proposal for taking over by the Government all private forests. The Government of Madras, on account of the over exploitation of forests, have taken charge of all the private forests.

RAO BAHADUR T. V. VENKATESWARA AIYAR: They have passed a law that all private forests should be taken over by the Government.

PRESIDENT: It is not necessary for us to go so far.

Now, with regard to the actual exploitation. This exploitation is necesssry for regeneration. The exploitation is of this type. You take a square mile of the forest. What is wanted is fuel for the Fertilizers and Chemicals. The Fertilizers and Chemicals do not want any teak in the Malayattoor Area. What is exploited there is only fuel. They do not want any other timber. But you cannot exploit the fuel without also extracting or cutting a portion of the other forest trees. Only a minimum portion is sought to be the programme for such exploitation, and it is for the purpose of making legitimate income. The Conservator has been strictly enjoined not to overcut the forests nor to take anything more than the actual fuel resources. I wish to assure the honourable member that the importance of the forest resources is always kept in mind by this Government.

MR. K. VARGHESE ITHAC (*Vaikom* cum *Kottayam*): സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഭാവിയിൽ അനുവർത്തിക്കേണ്ട നയം ഇന്നതാണെന്നു വിശദീകരിച്ചുകൊണ്ടു ദിവാൻജി അവർകൾ നൽകിയ ഈ പ്രസ്താവന ഏറ്റവും ചാരിതാർത്ഥ്യജനകമാണ്. എന്നാൽ കൂടുതൽ കാര്യക്ഷമമായ രീതിയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ അഭിവൃദ്ധിപ്പെടുത്തുകയും അതുകൊണ്ട് രാജ്യത്തിനു എന്നെന്നും ഗുണം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യത്തക്കവിധത്തിൽ ഡിപ്പാർട്ടുമെന്റ് ഏതാനും ചില സംഗതികൾകൂടി ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: The present Demand is the question of the Shencottah and Malayattur Districts. That is the only point for discussion on this motion. It is not a general cut.

MR. K. VARGHESE ITHAC: Then I shall have my discussion during the motion of general cut.

MR. P. S. NATARAJA PILLAI: Sir, the establishment charges under Divisional "Executive Establishment" have increased from 3·7 lakhs in 1120 to 5·10 lakhs in 1122. That is, nearly 2·3 lakhs is provided as an increase under Establishment for the Divisional Establishment of this Department. That is mainly contributed by the creation of two or three Divisions for exploitation and regeneration of the forest.

Sir, I heard it said that the policy of the Government is not to over-exploit the forest but to concentrate more on regeneration. Yesterday, it was said that the proposition was to exploit every year ten square miles of forest from the Malayattur area and nearby & five square miles from the Shencottah area and that the regeneration work was to be carried on in one square mile or so. It was also said that the quantity of timber expected by extraction from that area was nearly 20 lakhs of cubic feet. The figures the Conservator gave us show that 16 lakhs of cubic feet of timber is now extracted. This is hoped to be done by the creation of new divisions in the Malayattoor area. It is understood that extraction of timber from the Malayattoor area is also 20 lakhs of cubic feet. Thus, the total extraction comes to about 40 lakhs of cubic feet.

The only proposition which we have to consider will be whether regeneration goes hand in hand with the exploitation programme laid down by the Department. That is the thing I think which was the cause of certain adverse opinion from the non-official side of this House. We all agree that the exploitation of the forest in the interests of the State is a duty of the Department. At the same time, we wish to draw the attention of the Government to the fact that regeneration should not be forgotten and that unless regeneration is carried on as effectively as exploitation, the ultimate result, in the course of a few years will be what it is to day in the State of Cochin. Sir, I doubt the possibility and extent of the regeneration policy, because in the Budget the provision made for planting for the year 1120 is Rs. 44,000 and the Budget estimate on the same account for 1121 is Rs. 50,000. That is a reduction of Rs. 10,000 and there is no revised estimate figure to show how the amounts was spent in the last year. For the next year, provision is made for Rs. 66,000, that is, Rs. 16,000 more than the amount for the previous year. On the other hand, the provision for extraction of timber has been doubled in the case of royal trees, and for the extraction of jungle trees 5·3 lakhs is provided. But now it has been increased. The amount under jungle trees extraction is Rs. 9·7 lakhs. It is true more money has been allotted for planting. Proportionate increase ought to have been made in the Budget for

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

regeneration of forests. But there is room for uneasiness about the programme just laid down by the Department. The attention of the Department ought to have been centered more on regeneration than on exploitation. I may also point out that even in the case of revenue, from the budgeted revenue for 1119 to that for 1122, there is a hundred per cent. increase; that is, from 51 lakhs to 100 lakhs. That is rapid expansion. But the expenditure for 1119 to 1122 shows an increase from Rs, 14 lakhs in 1119 to Rs. 42 lakhs in 1122. It has increased by three times. But the provision has all along been practically very small from the year 1118 for regeneration. I may be confronted with the statement that according to the Taungya System plantation goes on along with exploitation. There has been some investment on that, and that is being spent for teak plantations and that in very small areas. It is said 50 acres of evergreen forest have been tried for regeneration and an area of 20 acres in Quilon has been brought under the regeneration scheme of the Department. That is what I find in the report of 1120, and this method of doing regeneration work by alloting lesser amounts will not be acceptable to this House.. When an agency is being created for getting 20 lakhs of cubic feet every year if another agency is also created to grow an equal quantity in the evergreen area and that could have given a kind of satisfaction. In the absence of that, provision in the Budget for the Divisional agency to exploit more timber to keep up to the programme laid down by the Department will not be sufficient to carry conviction to this House that all is well with that Department.

PRESIDENT: Mr. Venkateswara Aiyar, you have already spoken on exploitation. Please confine yourself on the regeneration.

RAO BAHADUR T. V. VENKATESWARA AIYAR: In regard to the areas which have been planted year after year, I wish to point out that the area under teak plantations made in 1120 is 730 acres and that under junglewood plantations is 421 acres. In regard to regeneration, I wish to point out to the honourable member that regeneration comes after exploitation. When an area is felled in one year it is regenerated only in the next year. That would explain the smaller amount shown for regeneration during the year. We have, therefore a large amount under exploitation and a small amount under regeneration.

I have already stated that there have not been any attempts at regenerating evergreen areas except for the last two or three years and I have prescribed for progressive regeneration which will increase to 450 acres in the Quilon Division. I may also explain that there are two kinds of regeneration. If you want fire wood, it is of one kind, if you want timber, it is of another kind. Regeneration for firewood is coppice regeneration, and that for timber is regeneration from seeds. If you want firewood no amount need be spent ordinarily for regeneration from seed. If you want timber and to

LIBRARY ARCHIVES Kerala Legislative Assembly

improve the forest we have got to plant up the area. That is the difference. Therefore honourable members would see that the provision of Rs. 66,000 for planting does not refer to the area to be exploited in the year 1122. There will be money spent on regenerating the areas exploited in 1122, in the year 1123.

So far as the larger amount required under royal trees are concerned honourable members will please note that Rs. 10 lakhs are not for exploitation of plantation royalties. For the plantation royalties only Rs. 97,000 have been provided. The amount of Rs. 10 lakhs is to be spent to take out all the teak available from Tract No. 3 so that Government rights over royalties in registered holdings may be relinquished as quickly as possible. We are speeding up the extraction from Tract No. 3. Large quantities of timber are expected to be extracted from these areas.

So far as the jungle woods are concerned I have already stated that.....

MR. R. MADHAVAN NAIR: May I know why provision is not being made in the Budget for opening plantations?

RAO BAHADUR T. V. VENKETESWARA AIYAR: Most of the plantations are opened under taungya and therefore no practical.....

MR. R. MADHAVAN NAIR: Was it not going on in the year 1121?

RAO BAHADUR T. V. VENKETESWARA AIYAR: Yes.

MR. R. MADHAVAN NAIR: There is a provision in the Budget for 1121.

RAO BAHADUR T. V. VENKETESWARA AIYAR: That explains the higher provision for royal trees. I have already explained that a large quantity of firewood is required for the Fertilizers and Chemicals. Before firewood may be supplied the timber is to be extracted. The larger provision under junglewood is therefore made for that purpose.

MR. T. K. NARAYANA PILLAI: I am withdrawing the motion because so many non-official members are not present.

MR. P. K. KURIAKOSE: സർ, ഫോറസ്റ്റ് അഡ്മിനിസ്ട്രേഷനു വേണ്ടി അനുവദിച്ചിരിക്കുന്ന ത്ര,ൻ@,ൻ൦ ന ശ്രുപയിൽ നിന്നു ഒരു ശ്രുപ കുറയ്ക്കണമെന്നുള്ള എന്റെ ഉപക്ഷേപം ഞാൻ ഇവിടെ ഹാജരാക്കിക്കൊള്ളുന്നു.

സർ, ഫ ഫ ഫ ൦ –ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടനുസരിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ വിസ്തീർണ്ണം ഫ ർ ർ ന ചതുരശ്രമൈൽ ആണ്. അതായത് തിരുവിതാംകൂർ സംസ്ഥാനത്തിന്റെ മൂന്നിലൊന്നു ഭാഗം റിസർവാണ്. ഏക്കർ കണക്കനുസരിച്ചു പറയുന്നപക്ഷം ഫ @,ന്ര്,൦ ൦ ൦ ഏക്കർ സ്ഥലം റിസർവാണ്. ഒരു നിലയിൽ നോക്കുമ്പോൾ റിസർവ് കൂടുതൽ ഉള്ളതു രാജ്യത്തിനു വളരെ ഗുണകരമാകുന്നു. എന്നാൽ ഇതിൽ പല ഭാഗങ്ങളിലും ഭക്ഷണത്തിനുതകുന്നതായ ധാന്യങ്ങൾ കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ മാത്രമാണ്. ഫോറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kuriakose.]

സ്റ്റിന്റെ ഉപയോഗം തടികൾ വളർത്തുക, അതിൽനിന്നും ആദായം കിട്ടുക എന്നുള്ളതാണല്ലോ. അങ്ങനെ തടി വളർത്തുന്നതിനുപയോഗപ്പെടാത്ത ധാരാളം സ്ഥലങ്ങൾ ചതുപ്പുനിലങ്ങളായി റിസർവ്വിൽ ഉണ്ട്. ജനങ്ങളുടെ ആവശ്യത്തിനുതകാത്ത വിധത്തിലും ഫാറസ്റ്റിന്റെ ഗുണത്തിനുപകരിക്കാത്ത നിലയിലും ഈ ചതുപ്പുനിലങ്ങൾ അങ്ങനെ ഇട്ടുകൊണ്ടിരിക്കേണ്ട ആവശ്യംഇല്ല. അതിനാൽ കൃഷിക്കുപയോഗമുള്ളതും വൃക്ഷങ്ങൾ ശരിയായി വളരാത്തതും ആയ ചതുപ്പുനിലങ്ങൾ റിസർവിൽനിന്നും തിരിച്ചു പുറത്താക്കുകയാണ വേണ്ടതു. ഇതു് ഭക്ഷണക്ഷാമത്തെ പരിഹരിക്കുന്നതിനു ഒരുത്തമമാർഗ്ഗമായിരിക്കുകയും ചെയ്യും. അതുകൊണ്ടു റിസർവ്വിൽ അത്യാവശ്യമില്ലാത്ത സ്ഥലങ്ങൾ, ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള ചതുപ്പുനിലങ്ങൾ—റിസർവിൽനിന്നും ഒഴിവാക്കണം. രണ്ടാമതു്, പല സ്ഥലങ്ങളും ഇപ്പോൾ ടോങ്കിയാ സിസ്റ്റം അനുസരിച്ചു തേക്കിൻതോട്ടം ആയിട്ടുണ്ടല്ലോ. വളരെ ആദായം കിട്ടുന്ന ഒരു നല്ല ഏർപ്പാടാണു അതു്. എന്നാൽ ഓരോരുത്തരുടെയും പുരയിടങ്ങളിൽ നിൽക്കുന്ന രാജകീയവൃക്ഷങ്ങൾ അതിന്റെ ഉടമസ്ഥന്മാർക്കുതന്നെ വിട്ടുകൊടുക്കേണ്ടതാണു്. പത്തുപന്ത്രണ്ടുകൊല്ലങ്ങൾക്കുമുമ്പു ഒരു രാജകീയവിളംബരം ഉണ്ടായിട്ടുണ്ടു്. അതനുസരിച്ചു പലരും അവരവരുടെ പുരയിടങ്ങളിൽ തേക്കുകൃഷി ചെയ്തിട്ടുമുണ്ടു്. എന്നാൽ ഇപ്പോഴും തടി വെട്ടിയെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുക്കാതെ പല സ്ഥലങ്ങളും കിടക്കുന്നുണ്ടു്. അവർ കൃഷി ചെയ്തുണ്ടാക്കിയ വൃക്ഷങ്ങൾ പോലും ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽനിന്നും എടുത്തുവരുന്നതായി കാണുന്നു.

RAO BAHADOOR T. V. VENKETESWARA IYER : പത്തുപന്ത്രണ്ടുകൊല്ലത്തെ പ്രായം മാത്രമുള്ള വൃക്ഷങ്ങിന്നു് ഇപ്പോൾ എതു വണ്ണം കാണുമെന്നു പറയാമോ?

MR. P. K. KURIAKOSE : കഴയ്ക്കും മറ്റും ഉപയോഗിക്കപ്പെടുന്ന തടികൾക്കു് വളരെ കാലത്തെ വളർച്ച ആവശ്യമില്ല.

RAO BAHADOOR T. V. VENKETESWARA IYER : എന്നാലും കുറഞ്ഞതു് മുപ്പതുകൊല്ലത്തെ വളർച്ചയെങ്കിലും വേണം.

MR. P. K. KURIAKOSE : പത്തുപന്ത്രണ്ടിനുമുതൽ മേലോട്ടുള്ള വണ്ണത്തിൽ നിൽക്കുന്ന വൃക്ഷങ്ങളേയും കഴകൾക്കുവേണ്ടി ഉപയോഗിക്കുന്നുണ്ടു്. ഓരോ കൊല്ലം വെട്ടുമ്പോഴും അടുത്ത കൊല്ലം ശരിപ്പെടുത്തുന്നതാണെന്നു പറയുന്നുണ്ടു്. അങ്ങനെ നാലഞ്ചുകൊല്ലം കഴിഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനിയെങ്കിലും അവരവർ കൃഷിചെയ്യുന്ന തടികൾ അവരവർക്കുതന്നെ വിട്ടു കൊടുക്കുവാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്.

കൃഷിക്കുപദ്രവകരമായി നിൽക്കുന്ന മറെറാരു കാര്യംകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. വളരെ ക്ലേശിച്ചു ഈ വനങ്ങളിൽ ചില, സ്ഥലങ്ങളിൽ ജനങ്ങൾ കൃഷി ചെയ്തിട്ടുണ്ട്. എന്നാൽ കൊയ്യാറാകുമ്പോൾ ഈ വിളവുകളെല്ലാം യഥാർത്ഥത്തിൽ കൊയ്തുകൊണ്ടുപോകുന്നതു വനങ്ങളിലുള്ള ആനകൾ ആണ്. കഴിഞ്ഞ കൊല്ലം ഞാൻ ഇതിനെപ്പറ്റി പ്രസ്താവിച്ചപ്പോൾ ആനകളിൽ കറെ എണ്ണത്തെ പിടിച്ചു് ഇവയുടെ ശല്യം കുറെയൊക്കെ കുറുക്കിത്തരാമെന്നു പറയുകയുണ്ടായി. എന്നാൽ ആനകളുടെ ശല്യത്തിനു യാതൊരു ശമനവും ഇതുവരെ ഉണ്ടായിട്ടില്ല.

RAO BAHADOOR T. V. VENKETESWARA IYER : കഴിഞ്ഞ കൊല്ലം ഏഴു ആനകളെ പിടിച്ചിട്ടുണ്ട്. ഇക്കൊല്ലം പന്ത്രു ആനകളെ പിടിച്ചിട്ടുണ്ടു.

MR. P. K. KURIAKOSE : ഏതെല്ലാം ഡിവിഷനിൽ നിന്നുമാണു ഈ ആനകളെ പിടിച്ചിരിക്കുന്നതെന്നു പറയാമോ?

RAO BAHADOOR T. V. VENKETESWARA IYER : മലയാറ്റൂർ ഡിവിഷനിൽനിന്നും കോന്നി ഡിവിഷനിൽ നിന്നുമാണ് പിടിച്ചിട്ടുള്ളതു്.

MR. P. K. KURIAKOSE : ഇക്കൊല്ലം പത്താനകളെ പിടിച്ചതായി റിപ്പോർട്ടിൽ കാണുന്നു. അതു് സെൻട്രൽ ഡിവിഷനിൽ നിന്നും കോട്ടയം ഡിവിഷനിൽ നിന്നുമാണ്. അല്ലാതെ വടക്കൻഡിവിഷനിൽ നിന്നല്ല.

MR. P. M. VARGHESE : നമ്മുടെ വനങ്ങളിൽ ആകെ എത്ര ആനകൾ ഉണ്ടെന്നു പറയാമോ?

MR. P. K. KURIAKOSE : ധാരാളം ആനകൾ ഉണ്ട്. സെൻട്രൽ ഡിവിഷനിലും തെക്കൻ ഡിവിഷനിലും മാത്രം ആനകളെ പിടിക്കുന്നതുകൊണ്ടു അവിടെയുള്ള ആനകളെല്ലാം വടക്കൻ ഡിവിഷനിലേക്കു് പോയിക്കൊണ്ടിരിക്കുമെന്നുള്ളതു് തീർച്ചയാണ്.

MR. V. S. KRISHNA PILLAI (*Thovala* cum *Agastheeswaram*) : ഈ ആനകൾ ബ്രിട്ടീഷ് ഇൻഡ്യയിൽ പോകുമോ?

MR. P. K. KURIAKOSE : പലയിടത്തേക്കും പോകും. ആനകളെ പിടിക്കാത്ത സ്ഥലത്തേക്കു് അവ സാധാരണമായി പൊയ്ക്കൊണ്ടിരിക്കും. അതുകൊണ്ടു വടക്കൻ ഡിവിഷനിലാണ് ഇപ്പോൾ ആനകൾ കൂടുതലുള്ളതു്.

സർ, ആനകളെ പിടിക്കാതെയിരിക്കുന്നതിനു പറയുന്ന സമാധാനം അതിനു പറ്റിയ മരുങ്ങിയ ആനകൾ ഇല്ലെന്നാണു. മരുങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

Mr. P. K. Kuriakose.]

ആനകൾ എങ്ങിനെയുണ്ടാകുമെന്നു ഞാൻ ചോദിക്കുന്നു. ആ ജോലി ചെയ്തുകൊണ്ടിരുന്നാൽ മാത്രമേ ആ ജോലിക്കു മുങ്ങിയ ആനകളെ നമുക്കു ലഭിക്കൂ. ഏതായാലും വടക്കൻ ഡിവിഷനിലുള്ള ആനകളുടെ ശല്യത്തെ എത്രയും വേഗത്തിൽ ശമിപ്പിക്കേണ്ടതാണ്.

RAO BAHADOOR T. V. VENKETESWARA IYER : ഇക്കൊല്ലം വടക്കൻ ഡിവിഷനിൽനിന്നാണ് ആനകളെ പിടിച്ചിട്ടുള്ളതെന്ന് അറിയാമോ?

MR. P. K. KURIAKOSE : റിപ്പോർട്ടിൽ കാണുന്നതു സെൻട്രൽഡിവിഷനിൽനിന്നും തെക്കൻഡിവിഷനിൽനിന്നും ആണെന്നാണു.

RAO BAHADOOR T. V. VENKETESWARA IYER : റിപ്പോർട്ടിൽ കാണുന്നതു ഫ ഫ ഫ o -ലെ കാര്യമാണ്. ഞാൻ പറഞ്ഞതു ഫ ഫ ഫ -ലെ കാര്യമാണ്. I am surprised that an honourable member coming from North Travancore does not know that elephants are being captured at Malayattoor.

MR. P. K. KURIAKOSE : വടക്കൻ ഡിവിഷനിൽതന്നെ മന്നാൻകണ്ടം, മറയൂർ, കാന്തല്ലൂർ, വട്ടവട, നാച്ചിവയൽ മുതലായ സ്ഥലങ്ങളിലാണ് ഇപ്പോൾ ആനകളുടെ ശല്യം കൂടുതൽ ഉള്ളതു്. കൃഷിക്കാർ ആനയെ ഓടിക്കാൻ മരത്തിന്റെ മുകളിൽ ഇരുന്നാൽ ആന പോകുകയില്ല. താഴെ ഇറങ്ങി ചൂട്ടുമായി ചെന്നു ബഹളം കൂട്ടിയാലെ ആന പോകുകയുള്ളൂ. അതു ചിലപ്പോൾ ജീവാപായംപോലും വരുത്തുന്ന ഒരു ഏർപ്പാടാണ്. രണ്ടുമാസത്തിനുമുൻപു് ഒരാൾ ഇതുപോലെ ആനയെ ഓടിക്കുവാൻ ചെന്ന അവസരത്തിൽ അതിന്റെ ശല്യം കൊണ്ടുതന്നെ മൃതിപ്പെടുകയുണ്ടായി. അതുപോലെതന്നെ കാളിയാറിലും ആനയുടെ ശല്യം ധാരാളം ഉണ്ട്. ഈ ശല്യത്തെ മറ്റൊരു തരത്തിൽക്കൂടി പരിഹരിക്കാവുന്നതാണ്. ഏതെങ്കിലും ഒരു കൃഷിസ്ഥലം പതിച്ചുകൊടുക്കുമ്പോൾ അതിനു പുറമുള്ള കുറേ സ്ഥലങ്ങൾകൂടി അവർക്കു പതിച്ചുകൊടുക്കേണ്ടതാണ്. അതു ചെയ്താൽ അവർ ഈ സ്ഥലത്തിനു പുറമെ ആനകയറി ശല്യം ഉണ്ടാക്കാതിരിക്കത്തക്ക വിധത്തിൽ തോടോ വാടകളോ മറ്റോ കുഴിച്ചു കൃഷിസ്ഥലങ്ങളെ രക്ഷിച്ചുകൊള്ളും.

MR K. R NARAYANAN (*Nominated*) : ഇങ്ങനെ ശല്യം ചെയ്യുന്ന ആനകളെ സർക്കാരു വെടിവച്ചു കൊല്ലാറില്ലേ?

MR. P. K. KUIAKOSE : ആളുകളെ കൊല്ലുന്ന ആനകളെ മാത്രമേ വെടിവച്ചു കൊല്ലാറുള്ളൂ. വിളവുകളെ നശിപ്പിക്കുന്ന ആനകളെ വെടിവച്ചുകൊല്ലാറില്ല. മാത്രമല്ല അങ്ങനെ വെടിവച്ചുകൊല്ലണമെങ്കിൽതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ആനയുടെ പൊക്കം, വണ്ണം, വയസ്സ് മുതലായ വിവരങ്ങളെല്ലാം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞതിനു ശേഷമേ വെടിവച്ചു കൊല്ലുകയുള്ളൂ. അഥവാ ഇതൊന്നുമില്ലാതെ ആരെങ്കിലും ആനയെ വെടിവച്ചുകൊന്നാൽ അയാളുടെ പേരിൽ ഉടനെ കേസ്സെടുക്കുകയും ചെയ്യും. കഴിഞ്ഞ കൊല്ലം ഒരാന ആളുകളെ കൊല്ലുന്നു എന്നു പറഞ്ഞു് ഞാൻ ഒരു അടിയന്തിര പ്രമേയംതന്നെ കൊണ്ടുവരികയുണ്ടായി. അതിനെ വെടിവെയ്ക്കാൻ ഏർപ്പാടു ചെയ്യുന്നുണ്ടു് എന്നു പറഞ്ഞതിനാൽ ആ പ്രമേയം പിൻവലിക്കുകയും ചെയ്തു. എന്നാൽ ആ ആനയെ വെടിവച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഫോറസ്റ്റ് കൺസർവേറ്റർ ക്രൂടി അതിനു വേണ്ട ഒത്താശകൾ ചെയ്യുകിൽ മാത്രമെ ആനകളുടെ ശല്യത്തിൽനിന്നും കൃഷിയെയും ജനങ്ങളെയും രക്ഷിക്കുവാൻ കഴികയുള്ളൂ. അല്ലാതെ ജനങ്ങൾ അതിലേക്ക് ഒന്നും മുതിട്ടുനിന്നു പ്രവർത്തിക്കുകയില്ല.

MR. CHAZHIKKATTU JOSEPH : ജനങ്ങളെ ഉപദ്രവിക്കുന്ന ആനകളെ ജനങ്ങൾക്കുതന്നെ കൊല്ലാനുള്ള അവകാശം സ്വയരക്ഷാവകാശത്തിന്റെ പേരിൽ പീനൽ കോഡിലെ വകുപ്പ് അനുവദിക്കുന്നില്ലേ?

MR. P. K. KURIAKOSE : അതൊന്നും നടപ്പില്ല. അതിനാൽ ആനകളെ പിടിച്ചോ അല്ലെങ്കിൽ വെടിവെച്ചോ ജനങ്ങളേയും കൃഷിക്കാരേയും സംരക്ഷിക്കുകയും കൃഷിക്കാർക്കു ഞാൻ മുമ്പു പറഞ്ഞതുപോലെ ആനകളുടെ ശല്യത്തിൽനിന്നും നിവൃത്തി നേടുന്നതിന് മറ്റു ഒത്താശകൾ ചെയ്തുകൊടുക്കുകയും വേണമെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപം ഭാജനമാക്കിക്കൊള്ളുന്നു.

MR. R. MADHAVAN NAIR : സർ, ഞാൻ മി. കുര്യാക്കോസിന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഈ ബഡ്ജറ്റ് ക്രൂടിയവരവിനെ മാത്രം കാണിക്കുന്ന ഒരു ബഡ്ജറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. രണ്ടുമൂന്നുകൊല്ലത്തെ വരവുകളും ചെലവുകളും ക്രൂടി താരതമ്യപ്പെടുത്തി നോക്കിയാൽ വരവിൽ വളരെ ക്രൂടുതലായിത്തന്നെ ചെലവുകൾ വർദ്ധിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മെംബർ മി. നടരാജപിള്ള ഇവിടെ ചില കണക്കുകൾ ഉദ്ധരിച്ചു കാണിക്കുകയുണ്ടായി. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിലെ വരവിനു ഒട്ടും യോജിക്കാത്തവിധം ചെലവു വർദ്ധിക്കത്തക്ക വല്ല ന്യായവുമുണ്ടോ എന്നാണ് നമുക്ക് ആലോചിക്കുവാനുള്ളതു്. പ്രകൃതി നിർല്ലോഭമായി അനുഗ്രഹിച്ചിട്ടുള്ള തിരുവിതാംകൂർ ഫോറസ്റ്റിലെ തടി വെട്ടിവിറ്റു യഥാപരിതഃസ്ഥിതിമൂലം, മുമ്പുണ്ടായിരുന്നതിൽ വളരെ ക്രൂടുതൽ വില കിട്ടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Madhavan Nair.]

ക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ഇങ്ങനെ തടിവിറ്റു ആദായം കാണിക്കുന്നതിനു ഇത്രയധികം ചെലവു ചെയ്യേണ്ട കാര്യമുണ്ടോ എന്നാണു ഞാൻ കൺസർവേറ്റർ അവർകളോടു ചോദിക്കുന്നതു.

DEPUTY PRESIDENT: The House will now adjourn and meet again at 2 P. M.

The House rose for lunch at 1 P. M.

The House re-assembled after lunch at 2 P. M. with Dewan President in the Chair.

Mr. S. Parthasarathi Iyengar, Inspector General of Police, took the oath and signed the rolls.

MR. R. MADHAVAN NAIR: സർ, ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ചെലവു് ക്രമാതീതമായി വർദ്ധിച്ചുവരുന്നുവെന്നും അതിനു തക്കവിധത്തിൽ ആദായവർദ്ധനവിനുള്ള പുതിയ പ്രവർത്തനപരിപാടി ആ ഡിപ്പാർട്ടുമെന്റിൽ കാണുന്നില്ലെന്നുമാണു് എനിക്കു ഗവണ്മെന്റിനെ ധരിപ്പിക്കുവാനുള്ളതു്. ൧൯൪൦-ൽ ൪൨ ലക്ഷം രൂപയും ൧൯൪൧-ൽ നൂറു ലക്ഷം രൂപയും ൧൯൪൨-ൽ ഒരു കോടി രൂപയുമാണു വരവു കണക്കാക്കിയിരിക്കുന്നതു്. എന്നാൽ ഈ വരവു് ഒരു പ്രത്യേകവിധപ്രവർത്തനത്തിന്റെ ഫലമായിട്ടുള്ളതല്ലെന്നും ഏതാണ്ടു വൻതോതിലുള്ള തടിവില്പനയുടെ ഫലമായിട്ടും തടിയുടെ ക്രമാതീതമായ വിലവർദ്ധനവുകൊണ്ടുമാണെന്നും നമുക്കു കാണാൻ കഴിയും. ഈ വരവു് എങ്ങനെ വർദ്ധിച്ചു എന്നു നോക്കുമ്പോളാണു് യുദ്ധകാലപരിതസ്ഥിതികാരണം കൊണ്ടു തടിക്കു ക്രമാതീതമായുണ്ടായ വിലക്കൂടുതൽ മാത്രമാണെന്നു കാണുവാൻ കഴിയുന്നതു്. അതിനാൽ അതിനനുസരിച്ചുള്ള ചെലവു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. ൧൯൪൦-ൽ ൫൨ ലക്ഷം രൂപയും ൧൯൪൧-ൽ ൫൮ ലക്ഷം രൂപയും ൧൯൪൨-ൽ ൫൫ ലക്ഷം രൂപയുമായി ചെലവു വർദ്ധിച്ചിരിക്കുന്നതു് ഒരു വിധത്തിലും ന്യായീകരിക്കത്തക്കതല്ല എന്നാണു എനിക്കു് ഈ സഭയെ അറിയിക്കുവാനുള്ളതു്. എന്നാൽ ചെലവുവർദ്ധനവു മൂന്നു ഡിവിഷൻ വർദ്ധിപ്പിക്കുന്നതിനുള്ള സ്റ്റാഫിനും ഒരു കോഡ് റിവിഷനാഫീസർക്കും ആയിട്ടാണു്. ഈ കോഡ റിവിഷൻ കഴിഞ്ഞ പതിനൊന്നു മാസമായി നടന്നുകൊണ്ടിരിക്കയാണു്. ഇനിയും മൂന്നര മാസം കൂടിവേണമെന്നു ബഡ്ജറ്റിൽ കാണുന്നുമുണ്ടു്. ഇതു ൧൧ മാസം കൊണ്ടു ചെയ്യാമായിരുന്നു. എന്നാൽ വേണ്ടവണ്ണം കൺസർവേറ്റർ ശ്രദ്ധിക്കാതെയിരുന്നതുകൊണ്ടാണു ഇങ്ങനെ സംഭവിച്ചതു്. ഒരു കോഡ് റിവൈസ് ചെയ്യാൻ പുതുതായി ഒരു സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടു്. അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

തായി ചെലവിനത്തിൽ പറയുന്നതു ഡിപ്പോ ആഫീസറന്മാരെ റയിഞ്ചാ ഫീസറുടെ ഗ്രേഡിൽ ഉയത്തി വ ൦ — ഫ ൦ ൦ മുതൽ സ്കെയിൽ കൊടു ക്കണമെന്നാണ്. ഡിപ്പോ ആഫീസറന്മാരുടെ ഗ്രേഡ് ഉയത്തുന്നതു കൊണ്ടു ഡിപ്പോയിൽ തടിവിലയ്ക്കു വർദ്ധനവു് ഉണ്ടാകുന്നില്ല. ഈ ഒരു കോടി രൂപയുടെ വരവിനെ ആശ്രയിച്ചുകൊണ്ടു് ഇപ്പോൾ ഈമാതിരി ചെലവുകൾ നാം അനുവദിച്ചുകൊടുത്താൽ വരവു കുറയുന്ന ഓരോ വർഷ ത്തിലും ചെലവു് ഇതുതന്നെ ആയിരിക്കും എന്നുള്ളതുകൊണ്ടു് ഈ കൂടുതലുള്ള ചെലവു് ബഡ്ജറ്റിൽ ഒരിക്കലും അനുവദിച്ചുകൂടെന്നാണ് എനിക്കു പറയാനുള്ളതു്. സർ, ഈ രാജ്യത്തെ ഫോറസ്റ്റിൽ നിൽക്കുന്ന തടികൾ കാലത്തിന്റെ വ്യത്യാസം കൊണ്ടു വന്നിട്ടുള്ള വിലക്കുടുതൽ നിമിത്തം നല്ല വിലയ്ക്കു പോകുന്ന എന്നുള്ളതിൽ കവിഞ്ഞു ഇപ്പോഴ ത്തെ കൺസർവേറ്റർ സ്ഥായിയായി ഈ രാജ്യത്തെ ഫോറസ്റ്റിലെ മുത ലെടുപ്പു് വർദ്ധിപ്പിക്കുന്നതിനു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു നമുക്കു നോക്കാം. ഇന്നു ഒരുകോടി രൂപാ പ്രതീക്ഷിക്കുന്ന ഈ തടികൾ വിറ്റാൽ ഒന്നോ രണ്ടോ കോടി രൂപാ കിട്ടത്തക്ക മാർഗ്ഗങ്ങൾ ഉണ്ടു. സർ, കഴിഞ്ഞ ആണ്ടത്തെ ബഡ്ജറ്റു സെഷൻസിൽപോലും ഞാൻശക്തി യായി വാദിച്ച ഒരു സംഗതി റിസർവുവനങ്ങളിലേയ്ക്കു് എത്തുന്നതിനു് ആവശ്യമായ റോഡുകൾ അതായതു് ഒരു net work of roads റിസർ വിൽ ഉണ്ടാക്കിയാൽ തടികൾ ഇന്നത്തേതിൽനിന്നു പകുതിയോ നാലി ലൊന്നോ ചെലവുകൊണ്ടു് ഉദ്ദേശിക്കുന്ന സ്ഥലത്തു എത്തിക്കുന്നതിനു സാധിക്കും. ഇപ്രകാരം സ്ഥായിയായി ഭാവിയിൽ ആദായം ഉണ്ടാകത്തക്ക ഒരു പ്രവർത്തനപരിപാടിയും ഞാൻ ഈ ബഡ്ജറ്റിൽ കാണുന്നില്ല. അടു ത്തതായി നമ്മുടെ റിസർവിനകത്തുള്ള ആറുകളിൽ ധാരാളം പാറക്കെട്ടു കൾ ഉള്ളതുകൊണ്ടു നദികളുടെ അങ്ങേ അറ്റത്തുള്ള റിസർവുവനങ്ങ ളിൽ നിന്നു വെട്ടിയിറക്കുന്ന തടികളുടെ ൨൫ ശതമാനം മാത്രമാണു് ഉപയോഗപ്രദമായി വന്നുചേരുന്നതു്. അങ്ങനെയുള്ള പാറക്കെട്ടുകൾ പൊട്ടിച്ചു തടികൾ ശരിയായി ആറ്റിൽക്കൂടി കൊണ്ടുപോകത്തക്ക സൗ കര്യം ഉണ്ടാക്കുന്നതിനും ഈ ബഡ്ജറ്റിൽ യാതൊന്നും ചെയ്തിട്ടില്ല. സർ, ക്രൂരമായ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റു് യഥാർത്ഥത്തിൽ ഒരു ബാങ്കി ന്റെ നിലയാണു സ്വീകരിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം. ബാങ്കുകാർ അവരുടെ പലിശകൊണ്ടാണു് അവരുടെ സകല ആവശ്യ ങ്ങളും കാണുന്നതു്. അതുമാതിരി ഈ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റു് അതാ താണ്ടിൽ ഫോറസ്റ്റിലെ പൊതുവേയുള്ള ശ്രോതസ്സിനു് അനുസരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Madhavan Nair.]

മാത്രമേ വനത്തിൽനിന്നു എക്സ്ട്രാക്റ്റു ചെയ്യുവാൻ പാടുള്ളൂ. അങ്ങിനെയായാൽ നമ്മുടെ ഫാറസ്റ്റ് ഒരുപ്രകാരത്തിലും കുറഞ്ഞുപോകുവാൻ തരമില്ല.

സർ, അങ്ങ് ഗവണ്മെൻറിന്റെ പാളിസി ഇവിടെ പ്രസ്താവിച്ചു. അതിൻപ്രകാരം വക്കു ചെയ്യുന്നുണ്ടോ എന്നു് അങ്ങു് അന്വേഷിക്കേണ്ടതാണു്. ഇപ്പോൾ വനങ്ങളിൽനിന്നു തടികൂടാതെ വെട്ടുക എന്നുള്ളതിൽ കവിഞ്ഞു പ്ലാന്റേഷനെ സംബന്ധിച്ചു കാര്യമായി ഒന്നും ഈ ഡിപ്പാർട്ടുമെൻറു ശ്രദ്ധിക്കുന്നില്ലെന്നു ഞാൻ ബഡ്ജറ്റിൽ നിന്നുതന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിനും പുറമേ പല വിധത്തിലുള്ള പരീക്ഷണങ്ങളും ആണു് ഇന്നു നമ്മുടെ കൺസർവേറ്റർ ഫാറസ്റ്റിൽ നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ രാജ്യത്തെ വിറകുപ്രശ്നത്തെ പരിഹരിക്കുന്നതിനായി നമ്മുടെ ഇപ്പോഴത്തെ കൺസർവേറ്റർ ഒരു പുതിയ പ്ലാൻറു പരീക്ഷണാർത്ഥം നട്ടുപിടിപ്പിക്കുകയുണ്ടായി. അതു പിത്തഗ്ലോബിയം ഡർസിസ് എന്നു പറയുന്ന ഒരു പുതിയ ചെടിയാണു്. അതു ധാരാളമുണ്ടായാൽ നമ്മുടെ രാജ്യത്തു ഫയർവുഡിൻറെ പ്രയാസം തീരുമെന്നാണു് അദ്ദേഹം പറയുന്നതു്. എന്നാൽ ആ പരീക്ഷണം യഥാർത്ഥത്തിൽ ഒരു പരാജയം ആണെന്നാണു് എൻറെ അറിവു്. വിജയിക്കുന്നപക്ഷം ഈ പരീക്ഷണങ്ങളും ചെയ്യുന്നതിനു ഞങ്ങൾക്കു് വിരോധമില്ല.

MR. P. S. MAHOMED : പരീക്ഷണം എന്താണെന്നു മനസിലാകുന്നില്ല.

MR. R. MADHAVAN NAIR : ഒരു പുതിയതരം ചെടി വച്ചുപിടിപ്പിക്കുക എന്നതാണു്. ഈ മാതിരി മരങ്ങളും പരീക്ഷണം നടത്തേണ്ട സ്ഥലങ്ങളും, അതായതു കുറഞ്ഞ വിസ്തീർണ്ണമുള്ള സ്ഥലം പ്രത്യേകം തെരഞ്ഞെടുത്തു് അതു ഫലപ്രദമാണെന്നു കണ്ടാൽ കൂടുതൽ സ്ഥലങ്ങളിൽ ഈ ഡിപ്പാർട്ടുമെൻറു ഇപ്രകാരം പ്രവർത്തിക്കുന്നതിൽ ഞങ്ങൾക്കു വിരോധമില്ല.

MR. K. M. PAUL വലിയ എസ്റ്റേറ്റു് ഉടമസ്ഥന്മാർ വിറകിനായി ഈ മാതിരി വൃക്ഷങ്ങളും എസ്റ്റേറ്റുകളിൽ കൃഷി ചെയ്യുന്നതായി മെമ്പർക്കു് അറിയാമോ?

MR. R. MADHAVAN NAIR : എനിക്കറിഞ്ഞുകൂടാ. അതിനു പറ്റിയ മണ്ണിൽ അതു പരീക്ഷിച്ചാൽ ഫലപ്രദമായി വരുമെന്നു എനിക്കറിയാം. അതിനു പറ്റിയ സ്ഥലങ്ങളും തിരഞ്ഞെടുത്തു പ്രവർത്തിക്കണമെന്നാണു ഞാൻ പറയുന്നതു്. അതുപോലെതന്നെ ഇപ്പോൾ ഈ മാതിരി പരീക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ണങ്ങൾ ചെയ്യുന്നത് വാസ്റ്റ് ഏറിയായിൽ ആണ്. അതു ഫലപ്രദമായി വരുന്നില്ലെങ്കിൽ അതിനു ചെലവാക്കുന്ന പണം നഷ്ടമായി വരുമെന്നാണ് എനിക്കു പറയുവാനുള്ളതു.

MR. V. S. KRISHNA PILLAI : Has the member seen that plant ?

MR. R. MADHAVAN NAIR : ഞാൻ എന്റെ ഇൻഫർമേഷനിൽനിന്നാണ് ഇതു പറയുന്നതു്. സർ, ഇത്തരം പ്ലാന്റേഷൻസ് പരീക്ഷണാർത്ഥം നടത്തിയതിൽ പല സ്ഥലങ്ങളിലും അതു പിടിക്കാതെ നശിച്ചു പരാജയത്തിലാണു കലാശിച്ചതു്. അതിനു തക്കതായ സ്ഥലം തെരഞ്ഞെടുക്കാഞ്ഞതുകൊണ്ടാണ് അപ്രകാരം സംഭവിച്ചതു്. ഈ ചെടികൾ നശിച്ചുപോയ സ്ഥലങ്ങളിൽ ഇപ്പോൾ പ്ലാവു വച്ചുപിടിപ്പിക്കുന്നതായി ഞാൻ അറിഞ്ഞു. ഇതിനും പുറമേ ഇപ്പോൾ ഫാറസ്റ്റ് കൺസർവേറർ Coppice Coupe എന്ന പുതിയ ഒരു സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ടു്. വിലപിടിച്ച തടികൾ വെട്ടി അഴിച്ചിട്ടു രണ്ടും, മൂന്നും, അടി നീളത്തിൽ അവിടെ നിത്തി അതിൽ നിന്നും പൊട്ടിവരുന്ന ചെടികൾ വളരെ എളുപ്പത്തിൽ തടിയായിത്തീരുമെന്നാണ് അതിന്റെ പ്രവർത്തനോദ്ദേശം എന്നു ഞാൻ അറിയുന്നു. ഞാൻ പുനലൂരിൽനിന്നു പത്തനാപുരത്തേക്കു പോകുമ്പോൾ ഇതിന്റെ സാമ്പിൾ സ്ഥലങ്ങൾ കണ്ടു. അവിടെ വെറും കാറി മാത്രമാണ് ഇപ്പോൾ കാണുന്നതു്. ഇങ്ങനെ പരീക്ഷണാർത്ഥം വാസ്റ്റേറിയായിൽ പ്രവർത്തനം നടത്തുന്നതിനു ചെലവു ചെയ്യുന്ന പണത്തിനു പ്രതിഫലം ഉണ്ടാകുന്നില്ലെന്നാണ് എനിക്കു ഗവണ്മെന്റിനെ ധരിപ്പിക്കുവാനുള്ളതു്. പിന്നീടു തടികൾ വെട്ടി ഡിപ്പോകളിൽ കൊണ്ടുവന്നതിന്റെ ശേഷമാണു സാധാരണ ഈ രാജ്യത്തു ഓക്ഷൻ (auction) ചെയ്യാറുള്ളതു. ഇപ്പോഴത്തെ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ നയമനുസരിച്ചു തടി നിൽക്കുന്നിടത്തുതന്നെ വേവം ചെയ്തു കൊടുക്കുകയാണു പതിവു്. അങ്ങനെ തടികൾ നിൽക്കുന്ന സ്ഥലത്തുവച്ചു ലേലം ചെയ്യുന്നതു റവന്യൂവിനു തന്നെ കുറവാണെന്നു ഗവണ്മെന്റു മനസ്സിലാക്കണം. കണ്ടാക്ടറന്മാർ തടികൾ വെട്ടി മാറുന്നതുകൊണ്ടു് അവിടെ പല കള്ളങ്ങളും നടക്കും. ആ സമ്പ്രദായം വളരെ ദോഷകരമാണെന്നു ഞാൻ ഗവണ്മെന്റിനെ അറിയിച്ചുകൊള്ളുന്നു. അതിനും പുറമേ ചില പ്രത്യേക തടിവ്യാപാരികളെ തെരഞ്ഞെടുത്തു നെഗോഷ്യേറു ചെയ്തു വ്യാപാരം

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Madhavan Nair.]

നടത്തുന്നതും നമ്മുടെ രാജ്യത്തെ റവന്യൂവിനെ സാരമായി സ്പർശിക്കുന്നു. നെഗോഷിയേഷൻകൊണ്ടു കിട്ടുന്നതിന്റെ നാലിരട്ടി വില ഡിപ്പോകളിൽ ഓപ്പൺസെയിൽ നടത്തിയാൽ കിട്ടുമെന്നിരിക്കെ നെഗോഷിയേഷൻ നടത്തിക്കൊണ്ടുള്ള സെയിൽസ് ആശാസ്യമല്ല. ക്ലാതെ ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. കൊല്ലം പട്ടണത്തെപ്പറ്റി വളരെ തെറ്റായ ഒരു ധാരണയാണ് ഇന്നത്തെ കൺസർവേറ്റർക്ക് ഉള്ളതെന്നു പല സംഗതികളിൽനിന്നും തെളിഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

സർ, തടിവ്യാപാരികളുടെ ഒരു കേന്ദ്രമായ കൊല്ലത്തു്, വിശേഷിച്ചു പല വിധത്തിലുള്ള വ്യവസായങ്ങളുടെ കേന്ദ്രമായ കൊല്ലത്തു, ഒരു ഡിപ്പോ വേണ്ടെന്നു അദ്ദേഹം പല പ്രാവശ്യം പറഞ്ഞിട്ടുണ്ടു്. തിരുവിതാംകൂറിലെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറു് ഉണ്ടായ കാലം മുതൽ ഒരു തടിഡിപ്പോ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന കൊല്ലത്തു ഇപ്പോൾ അതു വേണ്ടെന്നു വയ്ക്കാനുള്ള കാരണം അദ്ദേഹത്തിനുമാത്രമേ അറിയുവാൻ സാധിക്കയുള്ളു. അതു് ഒരുവിധത്തിലും അവിടെ ആവശ്യമില്ലെന്നു ഇതിനുമുമ്പൊരവസരത്തിൽ അദ്ദേഹം പറയുകയുണ്ടായി. അവിടെ തടി വാങ്ങിക്കുവാൻ ആളില്ല, തിരുവിതാംകൂറിലെ മറ്റു ഡിപ്പോകളെ അപേക്ഷിച്ചു കുറഞ്ഞ വിലയാണു് അവിടെ കിട്ടുന്നതു, എന്നെല്ലാമാണു് അദ്ദേഹം പറയുന്നതു്. കഴിഞ്ഞ പ്രാവശ്യത്തെ ലേലത്തുക നോക്കിയാൽ അവിടെ കിട്ടിയിട്ടുള്ള വില എന്താണെന്നു് അദ്ദേഹത്തിനുതന്നെ കാണാൻ കഴിയും.

Mr. M. K. NILACANTAN : സർ, ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ വരവു വളരെ വർദ്ധിച്ചിട്ടുള്ളതായി കണക്കുകൊണ്ടു കാണാൻ സാധിക്കും. ൧൯൪൦-ലെ വരവു് ൭൫ ലക്ഷത്തിൽപരവും, ചെലവു് ൧൰ ലക്ഷത്തിൽ പരവും, ചെലവു കഴിച്ചുള്ള മിച്ചം ൫൫ ലക്ഷത്തിൽ പരവും ആയിരുന്നു. എന്നാൽ വരവു് ൧൯൪൫-ൽനിന്നും ൪ ലക്ഷത്തിൽപരം കുറവാണെന്നുള്ളതും വ്യക്തമാണു്. ൧൯൪൫-ലെ റിവൈസ്ഡ് എസ്റ്റിമേറ്റു് അനുസരിച്ചു വരവു് നൂറു ലക്ഷത്തിൽ പരമായി വർദ്ധിച്ചിട്ടുണ്ടു്. ഇതു ൧൯൪൬-ൽ ഒരു കോടിയായി വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നുണ്ടു്.

സർ, ഇതു് ഒരു വലിയ കാര്യമായി കണക്കാക്കുന്നതല്ല. വരവു് ഇനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവു് തടികൊ വിറകുണ്ടായിട്ടുള്ളതാണെന്നു പ്രത്യക്ഷമാണു്. തടിയുടെ വില മുമ്പിലത്തേക്കാൾ അഞ്ചോ,

LIBRARY ARCHIVES Kerala Legislative Assembly

